166. 2005-06-ൽ എറണാകുളം ജില്ലയിൽ ഒരു നീന്തൽ കുളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 25 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു. തിരുവനന്തപുരത്തെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി 50 ലക്ഷം രൂപയും നാട്ടികയിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 25 ലക്ഷം രൂപയും നീക്കിവയ്ക്കുന്നുണ്ട്.

167. തിരുവനന്തപുരത്തെ ഏവിയേഷൻ ട്രെയിനിംഗ് സെന്ററിന് ഒരു വിമാനം വാങ്ങുന്നതിനുവേണ്ടി 200 ലക്ഷം രൂപ ബജറ്റിൽ ഞാൻ വകയിരുത്തുന്നു.

168. കായിക രംഗത്ത് പ്രോൽസാഹനം നൽകുന്നതിനായി മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ഒരു സ്പോർട്ട്സ് സ്കൂൾ ആരംഭിക്കുന്നതാണ്.

ഗതാഗതം

169. റോഡ് ഗതാഗതത്തിൽ ഉണ്ടായ വർദ്ധന റോഡ് അപകടങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതുമൂലം ധാരാളം പേരുടെ ജീവനും സ്വത്തുക്കളും നഷ്ടപ്പെടുന്നതിനും കാരണമായിത്തീർന്നിട്ടുണ്ട്. കാൽനടയാത്രക്കാരെ റോഡ് സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുവേണ്ടി മാദ്ധ്യമങ്ങൾ വഴി ആവശ്യമായ പ്രചാരണം നൽകുന്നതിനും സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷയെക്കുറിച്ച് പരിശീലനം നൽകുന്നതിനുമുള്ള ഒരു പദ്ധതി നടപ്പിലാക്കും.

170. 2005-06-ൽ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ 600 പുതിയ ബസ്സുകൾ നിരത്തിലിറക്കും. കൂടാതെ ദീർഘദൂര റൂട്ടുകളിലേക്ക് 25 എയർകണ്ടീഷൻഡ് എക്സ്പ്രസ്സ് ബസ്സുകളും പുതുതായി ഇറക്കും. വർക്ക് ഷോപ്പ് ആധുനികവൽക്കരിക്കുക, ഘട്ടം ഘട്ടമായി ഇ-ഗവേർണൻസ് നടപ്പിലാക്കുക, എല്ലാ ഷെഡ്യൂളുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയവയാണ് 2005-06-ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റു വികസന പ്രവർത്തനങ്ങൾ.

171. ജലഗതാഗത വകുപ്പ് 2005-06-ൽ 6 പുതിയ ബോട്ടുകൾ വാങ്ങുന്നതാണ്. വൈക്കം സ്റ്റേഷനിൽ യാത്രക്കാർക്കുവേണ്ടി ഒരു വിശ്രമ മുറി നിർമ്മിക്കുന്നതാണ്.

വിനോദ സഞ്ചാരം

172. കേരള സർക്കാർ ടൂറിസത്തെ സംസ്ഥാന വികസനത്തിനുള്ള ഉപാധികളിൽ ഒന്നായി അംഗീകരിച്ചിട്ടുണ്ട്. കേരളം ഇന്ന് രാജ്യത്തെ ഏറ്റവും പ്രധാന വിനോദ സഞ്ചാര കേന്ദ്രമാണ്. വിനോദ സഞ്ചാര വികസനത്തിന് ഏറ്റവുമധികം പദ്ധതി വിഹിതം നീക്കിവയ്ക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2005-06-ൽ നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കാനാണ് ശ്രദ്ധ പതിപ്പിക്കുന്നത്. ജലവിനോദം, സാഹസിക വിനോദ സഞ്ചാരം എന്നിവയ്ക്ക് മുൻഗണന നൽകുന്നതാണ്.

173. കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ഒരു ജില്ലയിൽ കുറഞ്ഞത് ഒരു വിനോദ സഞ്ചാര കേന്ദ്രമെങ്കിലും സമഗ്രമായി വികസിപ്പിക്കുന്നതാണ്. കുമ്പളങ്ങി ടൂറിസ്റ്റ് വില്ലേജ്, ആലപ്പുഴയിലെ കയർ വില്ലേജ് എന്നിവയുടെ മാതൃകയിൽ ഗ്രാമീണവിനോദ സഞ്ചാര സൗകര്യങ്ങൾ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്. തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി പര്യടന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly